# കേരള സർവകലാശാല

നം. പി.ആർ.087/2017 ഫോൺ : 2305738

## പത്രക്കുറിപ്പ്

### പുനക്രമീകരിച്ച പരീക്ഷകൾ

കേരള സർവകലാശാല ഏപ്രിൽ ആറിന് നടത്താനിരുന്ന ഒന്നാം സെമസ്റ്റർ എം.ബി.എ (2014 സ്കീം - ഫുൾ ടൈം/പാർട്ട് ടൈം/യു.ഐ.എം) ഡിഗ്രി പരീക്ഷ ഏപ്രിൽ 25-ന് രാവിലെ 9.30 മണി മുതൽ 12.30 മണി വരെയും, ഏഴാം സെമസ്റ്റർ ബി.ടെക് (2008 സ്കീം) ഡിഗ്രി പരീക്ഷ ഏപ്രിൽ 28-ന് ഉച്ചയ്ക്ക് 2.00 മണി മുതൽ 5.00 മണി വരെയും നടക്കും. പരീക്ഷകേന്ദ്രങ്ങളിൽ മാറ്റമില്ല. (കേരളത്തിലെ എല്ലാ എഡിഷനുകളിലും പ്രസിദ്ധീകരിക്കുന്നതിന്)

### മിനി ജോബ് ഫെയർ സംഘടിപ്പിക്കുന്നു

തിരുവനന്തപുരം യൂണിവേഴ്സിറ്റി എംപ്ളോയ്മെന്റ് ഇൻഫർമേഷൻ ആന്റ് ഗൈഡൻസ് ബ്യൂറോയിലെ മോഡൽ കരിയർ സെന്റർ 2017 ഏപ്രിൽ 28-ന് പി.എം.ജി.യിലെ കേരള യൂണിവേഴ്സിറ്റി സ്റ്റുഡൻസ് സെന്ററിൽ വച്ച് ഒരു 'മിനി ജോബ് ഫെയർ' സംഘടിപ്പിക്കുന്നു. വിവിധ സർവീസ് മേഖലകളിലെ 350-ൽ പരം വേക്കൻസികളിലേക്കാണ് റിക്രൂട്ട്മെന്റ് സംഘടിപ്പിക്കുന്നത്. സി.എ ഇന്റർ, സി.എം.എ, ഐ.സി.ഡബ്ലിയു.എ, എം.കോം, ബി.ടെക്, എം.ബി.എ, ഏതെങ്കിലും വിഷയത്തിലെ ഡിഗ്രി, പ്ലസ് ടു + ടുവീലർ ഡ്രൈവിംഗ് ലൈസൻസ് തുടങ്ങിയ യോഗ്യതയുള്ളവർക്ക് ഈ ജോബ് ഫെയറിൽ പങ്കെടുക്കാവുന്നതാണ്. തികച്ചും സൗജന്യമായ ഈ ജോബ് ഫെയറിന്റെ ഓൺലൈൻ രജിസ്ട്രേഷൻ www.ncs.gov.in എന്ന വെബ് സൈറ്റിൽ "Job Fairs & Events" പേജിലുള്ള "JF-KL-Mini Job Fair at MCC- Thiruvananthapuram" എന്ന ലിങ്കിൽ ചെയ്യാവുന്നതാണ്. കൂടുതൽ വിവരങ്ങൾക്ക് 0471-2304577 എന്ന ഓഫീസ് നമ്പറിലോ, www.facebook.com/MCCTVM എന്ന ഫെയ്സ് ബുക്ക് പേജിലോ ലഭ്യമാണ്, സ്പോട്ട് രജിസ്ട്രേഷനും ലഭ്യമാണ്.

### ബി.എഡ് സ്പെഷ്യൽ എഡ്യുക്കേഷൻ

കേരള സർവകലാശാല മെയ് 10-ന് ആരംഭിക്കുന്ന മൂന്നാം സെമസ്റ്റർ ബി.എഡ് സ്പെഷ്യൽ എഡ്യുക്കേഷൻ (2015 സ്കീം - റഗുലർ - 2015-17 ബാച്ച്), മെയ് 11-ന് ആരംഭിക്കുന്ന ഒന്നാം സെമസ്റ്റർ ബി.എഡ് സ്പെഷ്യൽ എഡ്യുക്കേഷൻ (2015 സ്കീം - റഗുലർ/ ഇംപ്രൂവ്മെന്റ്/സപ്ലിമെന്ററി - 2016-18 ബാച്ച്) പരീക്ഷകൾക്ക് പിഴകൂടാതെ ഏപ്രിൽ 25 (50 രൂപ പിഴയോടെ ഏപ്രിൽ 27, 125 രൂപ സൂപ്പർ ഫൈനോട് കൂടി ഏപ്രിൽ 28) വരെ ഫീസടച്ച് ഓൺലൈനായി അപേക്ഷിക്കാം. വിശദവിവരങ്ങൾ വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും.

തിരുവനന്തപുരം.
21.04.2017

പബ്ലിക് റിലേഷൻസ് ഓഫീസർ

അംഗീകാരത്തോടെ,

സെക്ഷൻ ഓഫീസർ

e-mail: ku.release@gmail.com website: www.keralauniversity.ac.in

University information is available on 0471-2305994, 155300 (BSNL Land line), 0471-155300 (from mobile) 0471-2115054 and 0471-2115098